പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം : 1227

20.01.2014 -ൽ മറുപടി നൽകേണ്ടിയിരുന്നത്

## ഭൂരഹിതർക്ക് ഭൂമി നല്കുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ഭൂരഹിതർ ഇല്ലാത്ത എത്ര ജില്ലകൾ സംസ്ഥാനത്തുണ്ട്; അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഭൂരഹിതരായ കുടുംബങ്ങൾ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്. |
| (ബി) ഭൂരഹിതരില്ലാത്ത ജില്ലകളിലെ ഭൂവുടമകളുടെ എണ്ണം ലഭ്യമാക്കാമോ ; | (ബി) ഭൂരഹിതരില്ലാത്ത ജില്ലകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭൂവുടമകളുടെ എണ്ണം പദ്ധതി പ്രകാരം ശേഖരിച്ചിട്ടില്ല. |
| (സി) ഭൂരഹിതർക്ക് ഭൂമി നല്കുന്ന പദ്ധതി പ്രകാരം ഭൂരഹിതരായ എത്രയാളുകളിൽ നിന്ന് അപേക്ഷകൾ ലഭിക്കുകയുണ്ടായി ; ഇതിൽ യോഗ്യരായ അപേക്ഷകർ എത്ര; ജില്ല തിരിച്ച് വ്യക്തമാക്കാമോ ; എത്ര അപേക്ഷകൾ യോഗ്യത ഇല്ലാത്തതിനാൽ തള്ളിക്കളയുകയുണ്ടായി ; | (സി) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ജില്ല | ലഭ്യമായ അപേക്ഷ | അർഹരായി കണ്ടെത്തിയവർ | നിരസിച്ച അപേക്ഷകൾ |
|---|---|---|---|
| തിരുവനന്തപുരം | 47595 | 35851 | 11744 |
| കൊല്ലം | 29850 | 28591 | 1259 |
| പത്തനംതിട്ട | 7532 | 6807 | 725 |
| ആലപ്പുഴ | 17143 | 14163 | 2980 |
| കോട്ടയം | 10742 | 10388 | 354 |
| ഇടുക്കി | 10496 | 7970 | 2526 |

| | | | |
|---|---|---|---|
| എറണാകുളം | 43248 | 31379 | 11869 |
| തൃശ്ശൂർ | 30836 | 26776 | 4132 |
| പാലക്കാട് | 28524 | 23874 | 4650 |
| മലപ്പുറം | 25998 | 23962 | 2036 |
| കോഴിക്കോട് | 9071 | 8304 | 811 |
| വയനാട് | 6611 | 4546 | 2066 |
| കണ്ണൂർ | 12184 | 11099 | 1152 |
| കാസർഗോഡ് | 12184 | 10218 | 1913 |
| **ആകെ** | **292014** | **243928** | **48231** |

(ഡി) സർക്കാർ എത്ര പേർക്ക് എത്ര സെന്റ് വീതം എത്ര ഏക്കർ ഭൂമി ഇതിനകം അനുവദിച്ച് നല്കുകയുണ്ടായി ; അനുവദിച്ച ഭൂമി ഇതിനകം കൈവശപ്പെടുത്തിയിട്ടില്ലാത്തവർ എത്ര ; എത്ര പേർക്ക് സ്വന്തം പ്രദേശത്ത് തന്നെ ഭൂമി അനുവദിക്കുകയുണ്ടായി; ജില്ലക്ക് പുറത്ത് ഭൂമി അനുവദിച്ച കേസുകൾ എത്ര ?

(ഡി) പദ്ധതി പ്രകാരം ഓരോ ഗുണഭോക്താവിനും 3 സെന്റ് വീതം ഭൂമിയാണ് അനുവദിക്കുന്നത്. ഇതിനകം ഭൂമി അനുവദിച്ച ഗുണഭോക്താക്കളുടെയും സ്വന്തം ജില്ലയിൽ ഭൂമി അനുവദിച്ചിട്ടുള്ളവരുടേയും വിവരം താഴെ ചേർക്കുന്നു.

| ജില്ല | ഭൂമി അനുവദിച്ച ഗുണഭോക്താക്കളുടെ എണ്ണം | സ്വന്തം ജില്ലയിൽ ഭൂമി അനുവദിച്ചിട്ടുള്ളവരുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 3181 | 3181 |
| കൊല്ലം | 683 | 683 |
| പത്തനംതിട്ട | 506 | 506 |
| ആലപ്പുഴ | 256 | 256 |

| | | |
|---|---|---|
| കോട്ടയം | 1309 | 1309 |
| എറണാകളം | 1449 | 1449 |
| മലപ്പുറം | 849 | 849 |
| കോഴിക്കോട് | 1523 | 1523 |
| കണ്ണൂർ | 11033 | 11033 |

കണ്ണൂർ ജില്ലയിൽ 11033 പേർക്ക് മൂന്ന് സെന്റ് വീതവും 68 പട്ടിക വർഗ്ഗക്കാർക്ക് 1 ഏക്കർ വീതവും ലഭിക്കത്തക്ക വിധത്തി ലാണ് പട്ടയ വിതരണം നടത്തിയത്. അപേക്ഷകരുടെ ജില്ലയ്ക്ക് പുറത്ത് ഭൂമി അനുവദിച്ച് തുടങ്ങിയിട്ടില്ല.

സെക്ഷൻ ഓഫീസർ